**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ബിവറേജസ് കോർപ്പറേഷന് മുറികൾ നൽകാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യെ കടത്തിൽ നിന്നും കരകയറ്റുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്. സമുദ്ര ബസ് പദ്ധതി മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്ന് വിവിധ സ്ഥലങ്ങളിലേയ്ക്കും, തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും, രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷ കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല, രാത്രി കാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോട്ടു കൂടിയ, പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും, വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി |

നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദ സഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.യ്ക്ക് കിലോമീറ്ററിന് 57 രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകി വരുന്നുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ഉപഭോക്താക്കളുടെ ആവശ്യകതയനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും, സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും, ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ / മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും, മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് ഷോപ്പ് ഓൺ വീൽസ് എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും, തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ Engine oil തുടങ്ങി മുഴുവൻ ലൂബ്രിക്കൻസുകളും പ്രമുഖ oil കമ്പനികളുമായി ചേർന്നു KSRTC രൂപമാറ്റം വരുത്തിയ ബസുകളിൽ വിതരണം ചെയ്യുന്ന "lubshop" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ കെ.ടി.ഡി.സി

താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം / ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ 'സ്ലീപർ ഇൻ ബസ്" എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'സ്ലീപർ ഇൻ ബസ്" പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. യാത്രക്കാരായ പൊതുജനങ്ങൾക്ക് വിനോദത്തിന്റെ ഭാഗമായി മൂന്നാറിൽ ടെന്റുകൾ സ്ഥാപിക്കുന്നതിന് EOI ക്ഷണിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സി. 'ലോജിസ്റ്റിക്സ്" എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ സർക്കാർ, / അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും, കൊറിയർ / പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിനു (പൊതുമേഖല കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും, നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ്

| | | | |
|---|---|---|---|
| | | | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള കൺസ്യൂമർ പമ്പുകളെ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കു കൂടി ഉപയോഗിക്കത്തക്ക വിധം റീട്ടെയിൽ ഔട്ട്‌ലെറ്റുകളാക്കി മാറ്റി, അവയിലൂടെ പെട്രോളിയം ഉൽപ്പനങ്ങൾ വിൽപന നടത്തി അധിക വരുമാനം വർദ്ധിപ്പിച്ച് കൊണ്ടിരിക്കുകയാണ്. Ration shop on wheel വിദൂരമായ മലയോര പ്രദേശങ്ങളിലെ ആദിവാസി സമൂഹം ഉൾപ്പെടെ ഉള്ളവർ റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ പോയി വാങ്ങുവാൻ ഉള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തു അവരുടെ താമസസ്ഥലത്തു സഞ്ചരിക്കുന്ന റേഷൻകടകളായ KSRTC busകളെ രൂപകല്പന ചെയ്തു Civil Supplies വകുപ്പുമായി ചേർന്നു "Ration Shop on Wheels" എന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. വിവിധ ജില്ലകളിലായി ആദ്യ ഘട്ടത്തിൽ സഞ്ചരിക്കുന്ന 10 റേഷൻ shopകൾ ഇപ്രകാരം ആരംഭിയ്ക്കുവാൻ Civil Supplies Corporation സന്നദ്ധത അറിയിച്ചിട്ടുണ്ട്. സിവിൽ Supplies വകുപ്പിന്റെ 'ലാഭം' മാർക്കറ്റ്, കുടുംബശ്രീ Hotelകൾ, വിവിധ വകുപ്പുകളുടെ officeകൾ എന്നിവ ഒഴിഞ്ഞുകിടക്കുന്ന KSRTC depotകളിൽ ആരംഭിയ്ക്കുവാനുള്ള നടപടികളും നടന്നു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഒഴിഞ്ഞു കിടക്കുന്ന മുറികൾ ബിവറേജസ് കോർപ്പറേഷന് മദ്യം വിൽക്കുന്നതിനായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ബസ് സ്റ്റാന്റുകളും ഇല്ലാത്ത ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ബിവറേജ് കോർപ്പറേഷന്റെ നിലവിലുള്ള ഔട്ട്‌ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് BEVCOയുമായി ചർച്ച നടന്നുവരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത തീരുമാനം കൈക്കൊള്ളാനുള്ള കാരണം വിശദമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ബസ് സ്റ്റാന്റുകളും ഇല്ലാത്ത ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ബിവറേജ് കോർപ്പറേഷന്റെ നിലവിലുള്ള ഔട്ട്‌ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് BEVCOയുമായി ചർച്ച നടന്നുവരുന്നു. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ബസ് സ്റ്റാന്റുകളും ഇല്ലാത്ത ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ബിവറേജ് കോർപ്പറേഷന്റെ നിലവിലുള്ള ഔട്ട്‌ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് BEVCOയുമായി ചർച്ച നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ